**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3571 — 30-01-2014-ൽ മറുപടിക്ക്.

**മദ്യത്തിന്റെ ലഭ്യത കുറയ്ക്കുന്നതിലൂടെ ഉപഭോഗം കുറയ്ക്കുന്നതിന് നടപടി**

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ. റ്റി. എൻ. പ്രതാപൻ:<br>" സണ്ണി ജോസഫ്:<br>" തേറമ്പിൽ രാമകൃഷ്ണൻ :<br>" പാലോട് രവി: | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) മദ്യത്തിന്റെ ലഭ്യത കുറയ്ക്കുന്നതിലൂടെ ഉപഭോഗം കുറയ്ക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) ബോധവൽക്കരണത്തിലൂന്നി, ഘട്ടംഘട്ടമായുള്ള മദ്യവർജ്ജനമാണ് സർക്കാർ ലക്ഷ്യമിടുന്നത്. മദ്യത്തിന്റെ ഉപഭോഗം കുറയ്ക്കുന്നതിനായി സർക്കാർ ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി, സംസ്ഥാനത്ത് പുതുതായി വിദേശ മദ്യഷാപ്പുകളൊന്നും അനുവദിച്ചിട്ടില്ല. മുൻകാലത്ത് അനുവദിച്ച 12 വിദേശ മദ്യഷാപ്പുകൾ തുറക്കേണ്ടതില്ലെന്നും തീരുമാനിച്ചു. ബാറുകൾ അനുവദിക്കുന്നതിനുള്ള ഹോട്ടലുകളുടെ സ്റ്റാർ പദവി, 3 സ്റ്റാറിൽ നിന്നും 5 സ്റ്റാറായി ഉയർത്തി നിശ്ചയിച്ചു. ബാറുകൾ തമ്മിലുള്ള ദൂരപരിധി നഗര പ്രദേശങ്ങളിൽ 1 കി.മീറ്ററും, ഗ്രാമപ്രദേശങ്ങളിൽ 3 കി.മീറ്ററുമാക്കി. ബാറുകളുടെ പ്രവർത്തി സമയത്തിൽ പ്രതിദിനം 3 മണിക്കൂർ കുറവ് വരുത്തി. മദ്യം വാങ്ങുന്നതിനും വില്ക്കുന്നതിനും കൈവശം വയ്ക്കുന്നതിനുമുള്ള പ്രായപരിധി 21 വയസ്സായി ഉയർത്തി. പുതുതായി എഫ്.എൽ.-3 ലൈസൻസുകൾ (ബാർ ലൈസൻസുകൾ) തത്കാലം അനുവദിക്കേണ്ടതില്ലെന്നും, തിരുമാനിച്ചു. ദു:ഖ വെള്ളിയാഴ്ച ഡ്രൈ ഡേ ആയി പ്രഖ്യാപിച്ചു. |

(ബി) ഇത്തരം നടപടികൾക്ക് പൊതുജനങ്ങളുടെ സഹകരണം എക്സൈസ് വകുപ്പിന് ലഭിക്കുന്നുണ്ടോ;

(ബി) ഉണ്ട്. മദ്യത്തിന്റെ ഉപഭോഗം കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ നടപ്പാക്കി വരുന്ന പദ്ധതികൾക്ക് പൊതുജനങ്ങളിൽ നിന്ന് നല്ല പ്രതികരണമാണ് ലഭിച്ചു കൊണ്ടിരിക്കുന്നത്. എക്സൈസ് വകുപ്പ് നടപ്പാക്കുന്ന ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് സംസ്ഥാനത്തൊട്ടാകെ വമ്പിച്ച ജനപിന്തുണ ലഭിച്ചു വരുന്നു.

(സി) മദ്യത്തിന്റെ ലഭ്യത കുറച്ചുകൊണ്ടു വരുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന ആവശ്യം സർക്കാരിന്റെ കർമ്മപരിപാടികളിൽ ഉൾപ്പെടുത്തി ഇതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ?

(സി) നിലവിൽ, ഇതിനായി, എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ വിപുലമായ ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടികൾ സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്.

സെക്ഷൻ ആഫീസർ